**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4034** **27-10-2021 - ൽ മറുപടിയ്ക്ക്**

**നേരെകടവ് ഗവ. എൽ.പി. സ്കൂളിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നേരെകടവ് ഗവ. ഹരിജൻ വെൽഫയർ എൽ.പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദയനാപുരം ഗ്രാമപഞ്ചായത്ത് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 30/09/2019 ലെ 6(1) നമ്പർ തീരുമാനപ്രകാരം നേരേകടവ് ഹരിജൻ വെൽഫയർ സ്കൂൾ പണിയുന്നതിന് വടക്കേമുറി വില്ലേജിൽ സർവ്വേ നമ്പർ 47/16-1 ൽ പെട്ട 35 സെന്റ് സ്ഥലം വിട്ട് നൽകുന്നതിന് പഞ്ചായത്ത് തീരുമാനമെടുത്തിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത സ്കൂൾകെട്ടിടം നിർമ്മിക്കുന്നതിനുള്ള ബിൽഡിംഗ് പെർമിറ്റിന് വിദ്യാഭ്യാസവകുപ്പിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ ലഭിച്ച തീയതിയും അതിന്മേൽ സ്വീകരിച്ച നടപടിയും വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. നേരേകടവ് ഹരിജൻ വെൽഫയർ സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അപേക്ഷയും പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപെടുത്തിയ കെട്ടിടത്തിന്റെ പ്ലാനും 26/03/2021 ൽ ലഭിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സർക്കാർ വകുപ്പുകൾ നടത്തുന്ന കെട്ടിട നിർമ്മാണത്തിന് സെക്രട്ടറി നൽകുന്ന പെർമിറ്റ് ആവശ്യമില്ല. ചട്ടം 5(3) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചാൽ മതിയാകുന്നതാണ്. |
| (സി) | ബിൽഡിംഗ് പെർമിറ്റിന് അപേക്ഷ ലഭിക്കുകയും അത് നൽകാതിരിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ? | (സി) | ഉണ്ട്. നേരേകടവ് ഹരിജൻ വെൽഫയർ സ്കൂൾ ഹെഡ്മിസ്ട്രസിന്റെ അപേക്ഷയും പി.ഡബ്ല്യു.ഡി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപെടുത്തിയ കെട്ടിടത്തിന്റെ പ്ലാനും 26/03/2021 ൽ ലഭിച്ചിട്ടുണ്ട്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം സർക്കാർ വകുപ്പുകൾ നടത്തുന്ന കെട്ടിട നിർമ്മാണത്തിന് സെക്രട്ടറി നൽകുന്ന പെർമിറ്റ് ആവശ്യമില്ല. ചട്ടം 5(3) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചാൽ മതിയാകുന്നതാണ്. |

സെക്ഷൻ ഓഫീസർ